I/93677/2023

ഭരണഭാഷമാതൃഭാഷ-

No:TCPTVM/720/2023-C

തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്
ജില്ലാ നഗരാസൂത്രണ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തിനഗർ, തിരുവനന്തപുരം 695001
ഫോൺ 0471 -2339945
ഇ മെയിൽ tcpdtvm1@gmail.com
tptvm.lsgdplng@kerala.gov.in
തീയതി: 22-05-2023

ടൗൺപ്ലാനർ
തിരുവനന്തപുരം,

സെക്രട്ടറി
തിരുവനന്തപുരം നഗരസഭ

സർ,

വിഷയം : ജില്ലാ നഗരാസൂത്രണ കാര്യാലയം - തിരുവനന്തപുരം - കെട്ടിട നിർമ്മാണം - കൺകറൻസ് അനുവദിക്കുന്നത്-സംബന്ധിച്ച്.

സൂചന : താങ്കളുടെ 04/04/2023-ലെ UE2/1530/23 നമ്പർ കത്ത്.

തിരുവനന്തപുരം നഗരസഭയിൽ ചെറുവക്കൽ വില്ലേജിൽ സർവ്വേ നമ്പർ:2122, റീ-സർവ്വേ നമ്പർ:674/7, 674/24-ൽ ഉൾപ്പെട്ട 5.18 ആർ വസ്തുവിൽ ഒരു വാസഗൃഹ ത്തിൻറെ നിർമ്മാണ അനുമതിക്കായി സൂചന പ്രകാരം ലഭിച്ച അപേക്ഷയിൻമേൽ, 8/08/2022 തീയതിയിലെ സ.ഉ.(കൈ)നമ്പർ:179/2022/LSGD പ്രകാരം സർക്കാർ അംഗീകരിച്ച മാസ്റ്റർ പ്ലാൻ ഫോർ മെഡിക്കൽ കോളേജ് ഏരിയയിലെ (G.O. (P) No. 227/2014/LSGD dated 20/12/2014) ടി.ബി.സാനിറ്റോറിയം, Air Force Command Area എന്നി സോണുകളിൽ തെറ്റായി ഉൾപെട്ട സ്വകാര്യ ഭൂമിയിൽ 300 ച.മീറ്റർ വരെയുള്ള വാസഗൃഹ നിർമ്മാണത്തിന്, വസ്തുവിൻറെ ഉടമസ്ഥത നഗരസഭാ സെക്രട്ടറി ഉറപ്പ വരുത്തിക്കൊണ്ട് , ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാര ത്തോടെ നിർമ്മാണ അനുമതി നൽകാവുന്നതാണ് എന്ന സർക്കാർ തീരുമാനത്തിന് വിധേയമായി ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി KMBR-2019 നും നാളിതുവരെയുള്ള ഭേദഗതികൾക്കും വിധേയമായി ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരം നൽകുന്നു.

<u>നിബന്ധനകൾ:</u>

1. നിർദിഷ്ട വസ്തുവിൻറെ ഉടമസ്ഥാവകാശം, 08/08/2022 തീയ്യതിയിലെ 179/2022/LSGD നമ്പർ: സർക്കാർ ഉത്തരവ് പ്രകാരം സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പവരുത്തേണ്ടതാണ്.
2. നിർദിഷ്ട വസ്തുവിൻറെ അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്നും, വസ്തു നിലം, പുറമ്പോക്ക് എന്നിവയിൽ ഉൾപ്പെടുന്നില്ലെന്നും പ്രസ്തുത സ്ഥലത്തു മറ്റു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നുമില്ലെന്നും ഉറപ്പ വരുത്തണം.
3. 2008 ലെ കേരള നെൽവയൽ തണ്ണീർത്തടനിയമം / അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീ യമാണെന്ന് സെക്രട്ടറി ഉറപ്പ വരുത്തേണ്ടതുമാണ്.
4. കെ.എം.ബി.ആർ.2019 ചട്ടം 5(6)(c) പ്രകാരമുള്ള ഘടകങ്ങൾ മാത്രം പരിഗണിച്ചാണ് ഈ

അംഗീകാരം എന്നതിനാൽ നിർദിഷ്ട നിർമ്മാണം കെ.എം.ബി.ആർ.2019 നും നാളിതുവരെയുള്ള ഭേദഗതിക്കും , ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമാണോ എന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തിയിരിക്കണം.

5. നഗരസഭാ/കോർപറേഷൻ സെക്രട്ടറി നൽകുന്ന അനുമതി പ്രകാരമേ കെട്ടിട നിർമ്മാണം ആരംഭി ക്കാവൂ.
6. നിർദിഷ്ട നിർമ്മാണത്തിന് വലിയ തോതിലുള്ള എർത്ത് കട്ടിംഗ് & ഫില്ലിംഗ് /എർത്ത് റീറ്റെയ്നിങ് ആവശ്യമുള്ള പക്ഷം സ.ഉ (സാധാ) നം 1795/2021/ത.സ്വ.ഭ.വ തീയ്യതി 18/09/2021 പാലിച്ച് പാരിസ്ഥിതിക ആഘാതങ്ങളും സുരക്ഷാ ഘടകങ്ങളും പരിഗണിച്ച് ബന്ധപ്പെട്ട അധികാരികളിൽ നിന്നും അനുമതി/റിപ്പോർട്ട് ലഭ്യമാക്കി, കെ.എം.ബി.ആർ 2019 ചട്ടം 10 പ്രകാരം ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ചും മാത്രമേ സെക്രട്ടറി അനുമതി നൽകാവൂ.
7. കെ.എം.ബി.ആർ.2019 ചട്ടം 26(8) പ്രകാരം തുറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.
8. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞു പോകരുത്.
9. നിർമാണം കെ.എം.ബി.ആർ.2019 ചട്ടം 79 നനുസൃതമായി മാലിന്യ നിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.
10. നിർദിഷ്ട നിർമ്മാണം, വാസഗൃഹത്തിനു മാത്രമാകുന്നു . കെട്ടിടത്തിൻറെ വിസ്തീർണ്ണത്തിലോ വിനിയോഗഗണത്തിലോ മാറ്റം വരുത്താൻ പാടുള്ളതല്ല.
11. കെട്ടിടത്തിൻറെ ഘടനാപരമായ സ്ഥിരത ഉറപ്പാക്കേ ണ്ടതാണ്.
12. മറ്റ് എജൻസികളിൽ നിന്ന് നിരാക്ഷേപപത്രം / അനുമതികൾ ആവശ്യമെങ്കിൽ ആയതു നേടിയിട്ടു ണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Rajesh T N
Date: 22-05-2023 09:01:33

RAJESH T N
TOWN PLANNER

ഉള്ളടക്കം:-അംഗീകരിച്ച പ്ലാൻ (1സെറ്റ്)

പകർപ്പ്:അപേക്ഷകൻ, (അറിവിലേയ്ക്കായി)

Sri.Arunkumar Kamalasanan,
S/o Kamalasanan.P,
T.C 28/1572,Sreekandeswaram-695023.